പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 953 05.03.2018 -ലെ മറുപടിക്ക്

**തിരുവനന്തപുരം- കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ആൻസലൻ | ശ്രീ. ജി. സുധാകരൻ. (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പുന്നക്കാട് മുതൽ അമരവിള വരെയുള്ള റെയിൽ പാതയുടെ ഏതുവശത്താണ് പുതിയ പാത എന്ന് വിശദമാക്കാമോ ; | (എ) | തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം - നെയ്യാറ്റിൻകര ഭാഗത്ത് നിലവിലുള്ള റെയിൽ പാതയുടെ ഇടത് വശത്താണ് പുതിയ റെയിൽവേ ലൈൻ സ്ഥാപിക്കുന്നത്. അതേസമയം നെയ്യാറ്റിൻകര - കന്യാകുമാരി ഭാഗത്ത് നിലവിലുള്ള റെയിൽ പാതയുടെ വലത് വശത്താണ് പുതിയ റെയിൽവേ ലൈൻ സ്ഥാപിക്കുന്നത്. |
| (ബി) | റെയിൽ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര - കാട്ടാക്കട റോഡിൽ പാലം പണിയുമ്പോൾ ഗതാഗതം ഏതു വഴിയാണ് തിരിച്ചുവിടാൻ ഉദ്ദേശിക്കുന്നത് ; | (ബി) | ഇപ്പോൾ തീരുമാനിച്ചിട്ടില്ല. |
| (സി) | തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പുന്നക്കാട് മുതൽ അമരവിള വരെ എത്ര ഏക്കർ സ്ഥലം ആണ് റെയിൽവേ ഏറ്റെടുക്കുന്നത് ; അതിൽ എത്ര വീടുകൾ ഉണ്ട് എന്ന് വിശദമാക്കാമോ ? | (സി) | തിരുവനന്തപുരം മുതൽ നേമം വരെയുള്ള റെയിൽ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പിന് 7.90 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള അർത്ഥന മാത്രമേ റെയിൽവേ ലഭ്യമാക്കിയിട്ടുള്ളൂ. വീടുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**